പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 732 | 11.03.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

## സാമൂഹ്യ മാനസികാരോഗ്യ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ.ചന്ദ്രശേഖരൻ<br>" വി.എസ്. സുനിൽകുമാർ<br>" കെ.രാജു<br>" പി.തിലോത്തമൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ആരോഗ്യവകുപ്പും ഇൻഹാൻസുമായി ചേർന്ന് നടപ്പാക്കുന്ന സാമൂഹ്യ മാനസികാരോഗ്യ പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കി വന്നിരുന്നതെന്ന് വ്യക്തമാക്കുമോ; | എ) | കാസർഗോഡ് , കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ സാമൂഹ്യ മാനസികാരോഗ്യ പദ്ധതിയും, വയനാട് ജില്ലയിൽ ദേശീയ മാനസികാരോഗ്യപദ്ധതിയുടെ ഭാഗമായുള്ള ജില്ലാ മാനസികാരോഗ്യ പദ്ധതിയും, ആരോഗ്യവകുപ്പും ഇംഹാൻസുമായി ചേർന്ന് നടത്തിവരുന്നു. |
| ബി) | പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ചികിത്സകളാണ് രോഗികൾക്ക് നല്കിയിരുന്നതെന്നും ശരാശരി എത്ര ഗുണഭോക്താക്കൾ ഇത് പ്രയോജനപ്പെടുത്തുന്നുണ്ടെന്നും വെളിപ്പെടുത്തുമോ; | ബി | സാമൂഹ്യ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി കോഴിക്കോട്, മലപ്പുറം കാസർഗോഡ്, വയനാട് ജില്ലകളിൽ, തിരഞ്ഞെടുത്ത സാമൂഹിക- പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ എല്ലാ മാസവും സൗജന്യ മാനസികാരോഗ്യ ക്ലിനിക് നടത്തിവരുന്നു. പദ്ധതി തുടങ്ങിയതിനു ശേഷം ഇതുവരെയുള്ള കാലയളവിൽ 15000-ത്തിലധികം രോഗികൾ (കോഴിക്കോട്-3000, മലപ്പുറം-3500, കാസർഗോഡ്-6000, വയനാട്-3300) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്ക് സൗജന്യ ചികിത്സ , മരുന്ന് ഉൾപ്പെടെയുള്ള മറ്റ് സേവനങ്ങൾ എന്നിവ നൽകിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി മനോരോഗ ചികിത്സ കൂടാതെ, ഡോക്ടർമാർ, നഴ്സുമാർ എന്നിവർക്കായി ആരോഗ്യപരിശീലന പരിപാടികളും |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾ, ആശ പ്രവർത്തകർ, ആരോഗ്യ മേഖലയിലെ മറ്റ് സന്നദ്ധപ്രവർത്തകർ, പൊതു ജനങ്ങൾ എന്നിവർക്കായി ബോധവത്കരണ പരിപാടികളും നടത്തുന്നുണ്ട്. |
| സി | ഫണ്ടിന്റെ അപര്യാപ്തതയും മരുന്ന് വിതരണത്തിലെ തടസ്സങ്ങളും മൂലം പ്രസ്തുത പദ്ധതിക്ക് തടസ്സം നേരിട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;എങ്കിൽ പദ്ധതി കാര്യ ക്ഷമമാക്കുന്നതിന്എന്ത് നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | സി | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ, സാമൂഹ്യ മാനസികാരോഗ്യ പദ്ധതിയ്ക്കായുള്ള എൻ.ആർ.എച്ച്.എം ഫണ്ട് ലഭ്യമായിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിനായി,സർക്കാർഇടപെടലുകളെ തുടർന്ന്, 50 ലക്ഷം രൂപ അടിയന്തിര സഹായമായി എൻ.ആർ.എച്ച്. എം -ൽ നിന്ന് ഇംഹാൻസിന് ലഭ്യമാക്കിയിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**